## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 8229 17.07.2014 ൽ മറുപടിയ്ക്ക്

### പട്ടികജാതിയിൽപ്പെട്ടവർക്ക് വരുമാന പദ്ധതി

ചോദ്യം

ശ്രീ. എസ്. ശർമ്മ
" പി. ശ്രീരാമകൃഷ്ണൻ
" കെ. സുരേഷ് കുറുപ്പ്
" എസ്. രാജേന്ദ്രൻ

ഉത്തരം

ശ്രീ. എ.പി. അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പട്ടികജാതിയിൽപ്പെട്ടവർക്കായി 2012-13 വർഷം പ്രഖ്യാപിച്ച 115 കോടി രൂപയുടെ വരുമാന പദ്ധതി-യുടെ വിശദാംശം ലഭ്യമാക്കാമോ ; | (എ) | സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതി, ചികിത്സാ ധനസഹായ പദ്ധതി (മാരകരോഗം ബാധിച്ചവർക്ക് ഒരു ലക്ഷം രൂപവരെ), 25000 പട്ടികജാതി കുടുംബങ്ങൾക്ക് 25,000/- രൂപവരെ നൽകുന്ന ശൗചാലയ ധനസഹായ പദ്ധതി, പട്ടികജാതി യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം നൽകുന്ന പദ്ധതി, പട്ടികജാതി വനിതകൾ ഉൾപ്പെടുന്ന സ്വയംസഹായ സംഘങ്ങൾക്ക് QRG (കാട, മുയൽ, ആട്) പദ്ധതി എന്നിങ്ങനെ വിവിധ പദ്ധതികൾ-ക്കായി 2012-13 സാമ്പത്തികവർഷം 115 കോടി രൂപ അനുവദിച്ചിരുന്നു. ഇതിൽ വരുമാന പദ്ധതിയായി QRG പദ്ധതി മാത്ര-മാണ് വരുന്നത്. പ്രസ്തുത പദ്ധതി നടപ്പാക്കാൻ മൃഗസംരക്ഷണ വകുപ്പിനെയാണ് ചുമതലപ്പെ-ടുത്തിയിട്ടുള്ളത്. ഈ പദ്ധതി പ്രകാരം 5 പട്ടികജാതി വനിതകൾ ഉൾപ്പെടുന്ന 100 സ്വയം സഹായ സംഘങ്ങളിലെ 500 പട്ടികജാതി വനിതകൾക്ക് രണ്ട് ആട് വാങ്ങുന്നതിന് 10,000/- രൂപയും, ആട്ടിൻകൂട് നിർമ്മിക്കുന്നതിന് 2000/- രൂപയും ചേർത്ത് ആകെ 12000/- രൂപ നൽകാൻ വിഭാവനം ചെയ്തിട്ടുള്ളതാണ്. |
| (ബി) | പദ്ധതിയുടെ അവലോകനം നട-ത്തിയിരുന്നോ; എങ്കിൽ അതിന്റെ വിശദവിവരം അറിയിക്കാമോ; | (ബി) | QRG പദ്ധതിയുടെ അവലോകനം നടത്തിയി-ട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പ് ടി പദ്ധതി കോട്ടയം, എറണാകുളം ജില്ലകളിലാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. അതു പ്രകാരം 5 പട്ടികജാതി വനിതകൾ ഉൾപ്പെടുന്ന 50 സ്വയം സഹായ സംഘങ്ങളുടെ ലിസ്റ്റ് കോട്ടയം, എറണാകുളം ജില്ലകളിൽ നിന്ന് മൃഗസംരക്ഷണ വകുപ്പിന് കൈമാറിയിട്ടുണ്ട്. |

(.....2)

| | | | |
|---|---|---|---|
| (സി) | പദ്ധതിക്കായി എത്ര തുക ചെലവഴിച്ചെന്നും അതിനനുസൃതമായ പ്രയോജനം പട്ടികജാതി സമൂഹത്തിനു ലഭ്യമായിട്ടുണ്ടോ എന്ന കാര്യങ്ങളും പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിവരം ലഭ്യമാക്കുമോ? | (സി) | പദ്ധതിക്കായി 60 ലക്ഷം രൂപ മൃഗസംരക്ഷണ വകുപ്പിന് കൈമാറിയിട്ടുണ്ട്. പദ്ധതി പൂർത്തിയായിട്ടില്ല. പൂർത്തിയാകുന്ന മുറയ്ക്ക് പട്ടികജാതി സമൂഹത്തിന് ലഭ്യമായ പ്രയോജനം പരിശോധിച്ച് വിലയിരുത്തുന്നതാണ്. |

Bali K.J

സെക്ഷൻ ഓഫീസർ